പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2849** 02/04/2013 ൽ മറുപടിയ്ക്ക്

# വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) **വില്ലേജ് ഓഫീസുകളിലെ റിക്കാർഡുകൾ കംപ്യൂട്ടർവൽക്കരിക്കുന്ന പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്നറിയിക്കുമോ ;** | (എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർ വത്ക്കരണം പ്രധാനമായും കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കാർഡ്സ് മോഡേണൈസേഷൻ പദ്ധതി (എൻ.എൽ.ആർ.എം.പി) പ്രകാരവും, ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരവുമാണ് നടന്നുവരുന്നത്. പ്രസ്തുത പദ്ധതികൾ പ്രകാരം വില്ലേജുകളിലെ ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടർവത്ക്കരണവും 23 ഇനം സർട്ടിഫിക്കറ്റുകളുടെ ഓൺലൈൻ വിതരണവും ഇപ്പോൾ നടന്നു വരുന്നു. കേരളത്തിലെ 9 ജില്ലകളിലെ റീ-സർവ്വെ പൂർത്തിയായ 573 വില്ലേജുകളിലാണ് ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടറൈസേഷൻ നടന്നു വരുന്നത്. ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ ഭാഗമായി കേരളത്തിലെ വില്ലേജ് ഓഫീസുകളിൽ ലാപ്ടോപ്പ്, ഇന്റർനെറ്റ് കണക്ഷൻ എന്നിവയുൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ബി) **വില്ലേജ് ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;** | (ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി, ഇ-ഡിസ്ട്രിക്റ്റ് എന്നീ പദ്ധതികൾ പ്രകാരം റവന്യൂ ഓഫീസുകളിൽ കമ്പ്യൂട്ടറുകൾ സ്ഥാപിക്കുകയും, ഇന്റർനെറ്റ് കണക്ഷൻ വഴി വിവിധ ഓഫീസുകളെ( താലൂക്ക്, വില്ലേജ്, സബ് രജിസ്ട്രാർ, ആർ.ഡി.ഒ, കളക്ട്രേറ്റ്) പരസ്പരം ബന്ധിപ്പിക്കുകയും, വിവിധ സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുമുള്ള നടപടികൾ ഐ.റ്റി. മിഷൻ, റവന്യൂ ഐ.റ്റി. സെല്ലുകൾ , സബ് രജിസ്ട്രാർ ഓഫീസുകൾ , അക്ഷയ കേന്ദ്രങ്ങൾ എന്നിവ വഴി നടപ്പിലാക്കിവരുന്നു. റവന്യൂ വകുപ്പിൽ |

| | |
|---|---|
| | നിന്നും നൽകുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകുന്ന ഇ-ഡിസ്ട്രിക്റ്റ് പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിക്കഴിഞ്ഞു. |
| (സ 1) **വില്ലേജ് ഓഫീസുകളിലെ അഴിമതി ഇല്ലാതാക്കാനും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കുമോ ?** | (സ 1) നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ